# 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘശീർഷകത്തിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ് , അതായത്:—

"കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ് ".

3. <u>പീഠികയുടെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ പീഠികയ്ക്കു പകരം താഴെപ്പറയുന്ന പീഠിക ചേർക്കേണ്ടതാണ്, അതായത് :—

"<u>പീഠിക.</u>—കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;".

4. <u>2-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 2-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തെ "(എഎ)" ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(എ) 'ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘം' എന്നാൽ ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ സംഘ ആക്റ്റും (1969-ലെ 21) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് 1980 ജനുവരി 1-നു ശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ആനന്ദ് മാതൃക സഹകരണ സംഘങ്ങൾ എന്ന പേരിലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു ;";

(ii) (ഡി) ഖണ്ഡത്തിൽ "ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ വിപണനം നടത്തുകയും" എന്നീ വാക്കുകൾക്ക് പകരം "പാൽ കൊടുക്കുകയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (എം) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എംഎ) 'പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘം' എന്നാൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, മലബാർ പ്രദേശങ്ങളിൽ അന്ന് നിലവിലുണ്ടായിരുന്ന സഹകരണ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുമനുസരിച്ച് 1980 ജനുവരി 1-ാം തീയതിയ്ക്കുമുമ്പ് വരെ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ളതുമായ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ, ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു ;".

5. 3 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 3 -ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന്റെ (iv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iv) കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ, പാൽ ഉൽപ്പന്ന നിർമ്മാതാക്കൾ, സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും, കന്നുകാലികൾക്കുള്ള മരുന്ന് നിർമ്മാതാക്കളും വിതരണക്കാരും, കന്നുകാലി ബീജോൽപ്പാദനവും വിതരണവും നടത്തുന്നവർ എന്നിവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വരവുകളോ; " ;

(ii) (4)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡത്തെ "(എഫ്)" ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എഫ്) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(ഇ) ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകരുടെ ഉരുക്കൾക്ക് ആവശ്യമായ ഔഷധങ്ങൾ, തീറ്റ, തീറ്റ-അനുബന്ധ വസ്തുക്കൾ, ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ എന്നിവയുടെ വിതരണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന്;".

6. 4 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(2) അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫാറത്തിൽ നേരിട്ടോ അല്ലെങ്കിൽ ഓൺലൈനായോ സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കുന്ന അപേക്ഷ അപേക്ഷകനുമായി ബന്ധപ്പെട്ട ക്ഷീരസംഘം പരിശോധിച്ച് ശിപാർശ ചെയ്ത ശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമാണ്." ;

(ii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ പദ്ധതിയിലെയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോധ്യമാകുകയാണെങ്കിൽ തൊട്ടടുത്തു ചേരുന്ന ബോർഡ് യോഗത്തിൽ തന്നെ അംഗത്വത്തിനായുള്ള അയാളുടെ അപേക്ഷ പരിഗണിക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ആ അപേക്ഷ തള്ളിക്കളയാൻ തീരുമാനമെടുക്കുന്നപക്ഷം, പ്രസ്തുത വിവരം ആയതിനുള്ള കാരണം സഹിതം, അപേക്ഷ തള്ളിക്കളയാൻ ബോർഡ് തീരുമാനിച്ച തീയതി മുതൽ പതിനാല് ദിവസത്തിനകം ഓൺലൈനായോ അല്ലെങ്കിൽ രേഖാമൂലമോ അപേക്ഷകനെ അറിയിക്കേണ്ടതാണ് :

എന്നാൽ, അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു അപേക്ഷയും തള്ളിക്കളയാൻ പാടുള്ളതല്ല.".

7. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 6. സംഘങ്ങൾ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന്.—ഓരോ സംഘവും ശേഖരിക്കുന്ന പാലിന്റെ അളവ്, പാൽ നൽകിയ ദിവസം, അംഗങ്ങളുടെ വിവരം, പെൻഷണർമാരുടെ വിവരങ്ങൾ, അംശദായ അടവ് വിവരങ്ങൾ, ക്ഷീരകർഷകർ ഒടുക്കുന്ന അംശദായത്തിന്റെ വിവരങ്ങൾ എന്നിങ്ങനെ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതും അവ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. " .

8. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 8-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) ബോർഡിൽ താഴെപ്പറയും പ്രകാരം പതിനാറ് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) മൂന്ന് മേഖലാ ക്ഷീരസഹകരണ യൂണിയനുകളുടെ ഭരണസമിതികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ആൾ വീതം ;

(ബി) സംസ്ഥാനത്തെ പരമ്പരാഗത പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആനന്ദ് മാതൃക ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ ;

(ഡി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ക്ഷീരവികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (എക്സ്-ഒഫീഷ്യോ);

(എച്ച്) ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടർ അഥവാ പ്രതിനിധി (എക്സ്-ഒഫീഷ്യോ);

(ഐ) മിൽമ ചെയർമാൻ (എക്സ്-ഒഫീഷ്യോ) ;

(ജെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ക്ഷീര കർഷക പ്രതിനിധി.”

9. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 11-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ കുറയാത്ത തസ്തികയിൽ ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനായിരിക്കേണ്ടതാണ്. അദ്ദേഹം ബോർഡ് യോഗങ്ങളിൽ പങ്കെടുക്കേണ്ടതും യോഗത്തിന്റെ മിനിറ്റ്സ് ഉൾപ്പെടെയുള്ള രേഖകൾ കൈകാര്യം ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.” .

10. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

“(4) ക്ഷീരകർഷകർ നൽകുന്ന അംശദായം, സംഘങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അതതുമാസം തന്നെ അടച്ചില്ലെങ്കിൽ (3)-ാം ഉപവകുപ്പിൽ പറയുന്ന സംഘം സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക പന്ത്രണ്ട് ശതമാനം വാർഷിക പലിശ സഹിതം വസൂലാക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.”

---